# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## വിശുദ്ധവർഷത്തിനു ലോഗോ

വത്തിക്കാൻസിറ്റി: ഡിസംബർ എട്ടിനാരംഭിക്കുന്ന കരുണയുടെ വിശുദ്ധവർഷ ആചരണത്തിനുള്ള ലോഗോ പുറത്തിറക്കി. വിശുദ്ധ വർഷത്തേയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും വിശുദ്ധ വർഷത്തിലെ വിവിധ ചടങ്ങുകളുടെ കലണ്ടറും ആർച്ച് ബിഷപ്പ് റിനോ ഫിസിക്കെല്ല പുറത്തിറക്കി.

'പിതാവിനെപ്പോലെ കരുണനിറഞ്ഞ' എന്നതാണ് വിശുദ്ധ വർഷത്തിന്റെ മോട്ടോ. നഷ്ടപ്പെട്ട മനുഷ്യനെ ചുമലിൽ വഹിക്കുന്ന നല്ലിടയനായ യേശുവിനെയാണ് ലോഗോയിൽ ചിത്രീകരിച്ചിരിക്കുന്നത്.

യേശുവിന്റെയും മനുഷ്യന്റെയും കണ്ണുകൾ ഒന്നിച്ചു ചിത്രീകരിച്ചതിലൂടെ യേശു വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ കണ്ണിലൂടെയും വീണ്ടെടുക്കപ്പെട്ട മനുഷ്യൻ യേശുവിന്റെ കണ്ണിലൂടെയും കാര്യങ്ങൾ കാണുന്നു എന്നാണ് സൂചിപ്പിക്കുന്നത്. ഈശോ സഭാംഗമായ ഫാ. മാർക്കോ റൂപ്നിക് ആണ് ലോഗോ തയ്യാറാക്കിയത്.

വിശുദ്ധ വർഷത്തിൽ ഒരു ഡസനിലേറെ വിവിധ ജൂബിലികളും ആചരിക്കും ഫെബ്രുവരി രണ്ടിന് സമർപ്പിത വർഷാചരണം സമാപനത്തോടനുബന്ധിച്ച് സമർപ്പിതരുടെ ജൂബിലി, ഏപ്രിൽ മൂന്നിന് ദൈവകരുണയുടെ ആത്മീയതയ്ക്കു സമർപ്പിക്കപ്പെട്ടവരുടെ ജൂബിലി, മദർതെരേസായുടെ തിരുനാൾ ദിനത്തിൽ (2016 സെപ്റ്റംബർ അഞ്ച്) കരുണയുടെ പ്രവർത്തകരുടെ ജൂബിലി, 2016 നവംബർ ആറിനു തടവുകാരുടെ ജൂബിലി എന്നിവ ആചരിക്കും. വൈദികർ, ഡീക്കൻമാർ രോഗികൾ, ഭിന്നശേഷിയുള്ളവർ, മതബോധന അദ്ധ്യാപകർ, കൗമാരക്കാർ എന്നിവർക്കും ജൂബിലി ആചരണമുണ്ട്.